## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2805 — 20-03-2015 -ൽ മറുപടിക്ക്

# പ്രകൃതി ദുരന്ത നിവാരണ ഉപകരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ.ബാലൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി അറിയാൻ ദുരന്ത നിവാരണ വകുപ്പ് റവന്യൂ ഓഫീസുകളിൽ തന്ത്രപ്രധാന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സ്ഥാപിച്ചതെന്നും ഏതെല്ലാം ഓഫീസുകളിലാണ് സ്ഥാപിച്ചതെന്നും ഏതെല്ലാം ഉപകരണങ്ങളാണ് സ്ഥാപിച്ചതെന്നും വിശദമാക്കുമോ; | എ) | പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുവാനുള്ള സംവിധാനങ്ങൾ ദുരന്ത നിവാരണ വകുപ്പ് റവന്യൂ ഓഫീസുകളിൽ സ്ഥാപിച്ചിട്ടില്ല. എന്നാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുംവിധം 5 സംസ്ഥാനതല കാര്യാലയങ്ങളിലും 14 ജില്ലാ കളക്ടറേറ്റുകളിലും 63 താലൂക്കുകളിലും 295 വില്ലേജ് ഓഫീസുകളിലും very high frequency radio (VHF Radio) നെറ്റ് വർക്കുകൾ സ്ഥാപിച്ചിരുന്നു. ഈ കാര്യാലയങ്ങളിൽ VHF റേഡിയോ, ബാറ്ററികൾ, ആന്റിനകൾ, പവർ സപ്ലൈ എന്നീ സംവിധാനങ്ങളാണ് സ്ഥാപിച്ചത്. 2009-2012 കാലഘട്ടത്തിലാണ് ഇവ സ്ഥാപിക്കപ്പെട്ടത്. |
| ബി) | ഈ ഉപകരണങ്ങൾ കാണാനില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ഇല്ല. |
| സി) | ഉപകരണങ്ങൾ കാണാതായത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ കണ്ടെത്തൽ എന്തായിരുന്നു | സി) & ഡി) | ബാധകമല്ല |
| ഡി) | ഈ ഉപകരണങ്ങൾ കാണാതായത് സംബന്ധിച്ച് ഉണ്ടാകാവുന്ന സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് ടെലികമ്മ്യൂണിക്കേഷൻ ടെക്നിക്കൽ ടീം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ